# File No.LSGD-EPA1/190/2018-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് മരണപ്പെട്ട ജോൺസൺ ഇട്ടി ഐപ്പിന് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.96/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/01/2021

---

പരാമർശം:- 1 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.

2 ജോൺസൺ ഇട്ടി ഐപ്പിന്റെ 13.11.2016ലെ ശൂന്യവേതനാവധിയപേക്ഷ.

3 കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 06.08.2020 ലെ എവിഎസ്/15006/15 നമ്പർ നടപടി ക്രമം

4 പഞ്ചായത്ത് ഡയറക്ടറുടെ 29.06.2018 ലെ ഇ6-31686/17, 04.11.2020 ലെ ഇ 6-8134/20എന്നീ നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് മരണപ്പെട്ട ജോൺസൺ ഇട്ടി ഐപ്പിന് 03.08.2009 മുതൽ 20.08.2015 വരേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 4 ) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. 31.05.2020 ൽ സേവനത്തിൽ നിന്ന് വിരമിച്ച് 15.06.2020 ൽ മരണപ്പെട്ടിട്ടുള്ള ജോൺസൺ ഇട്ടി ഐപ്പ് 03.08.2009 മുതൽ 20.08.2015 വരെ അനധികൃത ഹാജരില്ലായ്മയിലായിരുന്ന മെഡിക്കൽ സർട്ടിക്കറ്റിൻ മേൽ ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പ്രസ്തുത കാലയളവിലേക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും 21.08.2015 തീയതിയിലുള്ള ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റും ഹാജരാക്കുകയുണ്ടായി. അനുകമ്പാർഹമായ കാരണങ്ങളാൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരമാർ ശം ( 3 ) പ്രകാരം തീർപ്പാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനധികൃത ഹാജരില്ലായ്മ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതന അവധിയായി ക്രമീകരിക്കാനാവില്ല. അനധികൃത ഹാജരില്ലായ്മയ്ക്ക് ജോൺസൺ ഇട്ടി ഐപ്പിനെതിരെ അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളതും ടിയാൻ സർവ്വീസിൽ നിന്ന് വിരമിക്കുകയും ചെയ്ത സാഹചര്യത്തിൽ കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലെ

**File No.LSGD-EPA1/190/2018-LSGD**

മുൻ ക്ലാർക്ക് മരണപ്പെട്ട ജോൺസൺ ഇട്ടി ഐപ്പിന് ടിയാൻ സർവ്വീസിൽ നിന്ന് വിട്ടുനിന്ന 03.08.2009 മുതൽ 25.08.2015 വരെയുള്ള കാലയളവ്, ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, അർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം 1 , ചട്ടം 8 8 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതുള്ള ശൂന്യവേതനാവധി അനുവദിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ലീന എ**
**ഡെപ്യൂട്ടിസെക്രട്ടറി**

**പകർപ്പ്**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്, കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധന വകുപ്പ്(01.01.2021 ലെ ഡെവ.1/265/2020/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(190/ഇപിഎ1/2018/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ